ഉത്തരം

(എ) പുതുതായി അംഗൻവാടികൾ അനുവദിക്കുവാൻ കഴിയുകയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ്-ന്റെ സേവനം അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നതിന് അനുവദിക്കപ്പെട്ട അംഗൻവാടി കേന്ദ്രങ്ങൾ പ്രോജക്ട് മാനദണ്ഡം അനുസരിച്ച് പുനർവിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 14-6-2004-ലെ ജി.ഒ. (ആർ.ടി.) നം. 247/04/ സാക്ഷേവ പ്രകാരം 51 ഐ.സി.ഡി.എസ്. പ്രോജക്ടിൽ 590 അംഗൻവാടി കേന്ദ്രങ്ങൾ പുനർവിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 24 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്.

(സി) 10-ാം പഞ്ചവത്സര പദ്ധതിയിൽ ഇനി ഐ.സി.ഡി.എസ്. വിപുലീകരിക്കാൻ കഴിയില്ലെന്നും, പുതിയ അംഗൻവാടി കേന്ദ്രങ്ങൾ അനുവദിക്കുവാൻ കഴിയില്ലെന്നും കേന്ദ്ര ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ നിലവിലുള്ള അംഗൻ വാടി കേന്ദ്രങ്ങൾ പ്രോജക്ട് മാനദണ്ഡം അനുസരിച്ച് പുനർവിതരണം നടത്തുവാൻ മാത്രമേ കഴിയുകയുള്ളൂ.

അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി വേൾഡ് ബാങ്ക് സഹായം

19 [1320] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി വേൾഡ് ബാങ്കിൽ നിന്ന് ലഭിച്ചിട്ടുള്ള സഹായം എത്രയാണ്: ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് അന്തിക്കാട് ബ്ലോക്കുകളിൽ അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) അംഗൻവാടികളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതിനാൽ കൂടുതൽ കുട്ടികളെ ചേർക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. 3-ാം ഘട്ട പ്രോജക്ടുകളുടെ പരിധിയിൽ 1600 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ലോക ബാങ്ക് വിഹിതമായി 15 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ആകെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തുകയുടെ 75% ലോകബാങ്ക് വിഹിതവും ബാക്കി 25% തുകയും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കണ്ടെത്തണമെന്നുള്ളതാണ് വ്യവസ്ഥ. ഒരു അംഗൻവാടി കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക 1,25,000 രൂപയാണ് ഇതിന്റെ 75% തുകയായ 93,750 രൂപ ലോകബാങ്ക് വിഹിതവും 25% തുകയായ 31,250 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്. അംഗൻവാടി കെട്ടിടത്തിന് ഏറ്റവും കുറഞ്ഞത് 2 മുതൽ 5 സെന്റുവരെ സ്ഥലവും കെട്ടിടത്തിന് 36.296 എം^{2} വിസ്തീർണ്ണവും ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി കണ്ടെത്തേണ്ടതാണ്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചേർപ്പ് ഐ.സി.ഡി.എസ്.-ൽ അംഗൻവാടി ഹെൽപ്പർമാരുടെ 36 ഒഴിവുകളും അന്തിക്കാട് ഐ.സി.ഡി.എസ്.-ൽ വർക്കർമാരുടെ 8 ഒഴിവുകളും ഹെൽപ്പർമാരുടെ 7 ഒഴിവുകളുമാണ് നിലവിലുള്ളത്. ഈ ഒഴിവുകൾ നികത്തുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്വകാര്യ നഴ്സറി സ്ക്കൂളുകളിൽ കുട്ടികളെ അയക്കുന്ന പ്രവണതയാണ് അംഗൻവാടികളിൽ കുട്ടികൾ കുറയുവാനുള്ള പ്രധാനകാര്യം. ഇതിന് പരിഹാരമായി അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും, കൂടാതെ കുട്ടികൾക്ക് കുടിവെള്ളം, കളിക്കോപ്പ് തുടങ്ങിയവ ലഭ്യമാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ

20 [1321] ശ്രീ. എ. എ അസീസ്: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെല്ലാംകൂടി ആകെ എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ എല്ലാംകൂടി 2004 ജൂൺമാസം 24415 വർക്കർമാരും 24415 ഹെൽപ്പർമാരും ജോലി നോക്കിവരുന്നു.

കൈത്തറി സഹകരണസംഘങ്ങൾ

21 [1322] ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട എത്ര പേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കൈത്തറി സഹകരണസംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly